**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4953** **20-07-2022 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിലെ എൽ.ഡി. ക്ലാർക്ക് (കന്നഡ-മലയാളം) നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്‌റഫ് | | ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിൽ പൊതുവിദ്യാഭ്യാസ വകുപ്പിൽ ആകെയുള്ള 187 എൽ.ഡി. ക്ലാർക്ക് തസ്തികയിൽ കന്നഡയും മലയാളവും അറിയാവുന്നവർക്കായി എത്ര തസ്തികകൾ മാറ്റിവെച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | 5 തസ്തികകൾ മാറ്റിവെച്ചിട്ടുണ്ട്. |
| (ബി) | പി.എസ്.സി. യുടെ എൽ.ഡി. ക്ലാർക്ക് (കന്നഡ-മലയാളം) ലിസ്റ്റിൽ നിന്നും നിയമിതരായി നിലവിൽ എത്ര പേർ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | 4 പേർ ജോലി ചെയ്യുന്നുണ്ട്. |
| (സി) | കാസർഗോഡ്, മഞ്ചേശ്വരം താലൂക്കുകളിലായി എത്ര എൽ.ഡി. ക്ലാർക്ക് തസ്തികകളാണുള്ളതെന്നും പ്രസ്തുത തസ്തികകളിൽ കന്നഡയും മലയാളവും അറിയാവുന്നവരെ നിയമിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ; | (സി) | 61 എൽ.ഡി. ക്ലാർക്ക് തസ്തികകൾ ഉണ്ട്. പ്രസ്തുത 61 തസ്തികകളിൽ 50% കന്നഡയും മലയാളവും അറിയുന്നവരെ നിയമിക്കുന്നതിനായി നിലവിൽ നടപടി സ്വീകരിച്ചിട്ടില്ല. |
| (ഡി) | പി.എസ്.സി. എൽ.ഡി. ക്ലാർക്ക് (കന്നഡ-മലയാളം) റാങ്ക് ലിസ്റ്റിൽ നിന്ന് 2003 മുതൽ എത്ര പേർക്ക് നിയമനം നൽകിയെന്ന് വ്യക്തമാക്കാമോ; | (ഡി) | 2003 മുതൽ 31/05/2013 വരെ നിയമനം നടത്തിയിട്ടില്ല. എന്നാൽ 01/06/2013 മുതൽ എൽ.ഡി.ക്ലാർക്ക് (കന്നഡ - മലയാളം) റാങ്ക് ലിസ്റ്റിൽ നിന്ന് 4 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. |
| (ഇ) | അപ്രകാരം നിയമിതരായ ജീവനക്കാർക്ക് സ്ഥാനക്കയറ്റം ലഭിച്ച മുറക്ക് ഉണ്ടായ ഒഴിവുകൾ എൽ.ഡി. ക്ലാർക്ക് (കന്നഡ-മലയാളം) വിഭാഗത്തിനായി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ വീഴ്ച വരുത്തിയവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ; | (ഇ) | സ്ഥാനക്കയറ്റം നൽകിയിട്ടില്ല. |
| (എഫ്) | തുടർന്ന് വരുന്ന ഒഴിവുകൾ മുൻകാല പ്രാബല്യത്തോടെ എൽ.ഡി. ക്ലാർക്ക് (കന്നഡ- | (എഫ്) | നിലവിൽ നടപടി സ്വീകരിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| | മലയാളം) തസ്തികയ്ക്കായി റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ